പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2177 — 16.08.2017 ൽ മറുപടിയ്ക്ക്

## ഗ്രീൻഫീൽഡ് സ്റ്റേഡിയം

**ചോദ്യം**

ശ്രീ.പി.കെ.അബ്ദു റബ്ബ്
ശ്രീ.എൻ .എ.നെല്ലിക്കുന്ന്
ശ്രീ.പാറക്കൽ അബ്ദുല്ല
ശ്രീ.പി.കെ.ബഷീർ

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരത്ത് കാര്യവട്ടത്തുള്ള ഗ്രീൻഫീൽഡ് സ്റ്റേഡിയം കേരള ക്രിക്കറ്റ് അസോസിയേഷന് കൈമാറിയിട്ടുണ്ടോ; | എ) | കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം കൺസെഷനെയർ ആയ മെസ്സേഴ്സ്. കാര്യവട്ടം സ്റ്റേഡിയം ഫെസിലിറ്റീസ് ലിമിറ്റഡ് (കെ.എസ്.എഫ്.എൽ), കേരള ക്രിക്കറ്റ് അസോസിയേഷന് ഗ്രൗണ്ടും അനുബന്ധ സൗകര്യങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ച കരാർ വ്യവസ്ഥകൾ വ്യക്തമാക്കാമോ; | ബി) | കളിസ്ഥലവും മറ്റനുബന്ധ സൗകര്യങ്ങളും ഒരു വർഷത്തിൽ 180 ദിവസം എന്ന പ്രകാരം 11 വർഷത്തേയ്ക്കാണ് നൽകിയിരിക്കുന്നത്.<br>**<u>വ്യവസ്ഥ :</u>**<br>കേരള ക്രിക്കറ്റ് അസോസിയേഷൻ ലൈസൻസ് ഫീസും, വ്യത്യസ്ത ഉപയോഗമനുസരിച്ചുള്ള വേദി ചാർജ്ജും കാര്യവട്ടം സ്റ്റേഡിയം ഫെസിലിറ്റീസ് ലിമിറ്റഡ് (KSFL) ന് നൽകണം.<br>• ഇന്ത്യൻ പ്രീമിയർ ലീഗ് മത്സര പ്രാക്ടീസ് നടക്കുന്ന ദിവസങ്ങളിൽ പ്രതിദിനം 1.00 ലക്ഷം രൂപ<br>• ഐ.പി.എൽ മത്സരങ്ങൾക്ക് പ്രതിദിനം 10.00 ലക്ഷം രൂപ<br>• അന്താരാഷ്ട്ര ഏകദിനം, അന്താരാഷ്ട്ര ട്വന്റി 20 മത്സരം എന്നിവയ്ക്കായി വിൽക്കുന്ന ടിക്കറ്റിന്റെ 15% അല്ലെങ്കിൽ പ്രതിദിനം 10.00 ലക്ഷം രൂപ, ഇവയിൽ ഏതാണോ കൂടുതൽ ആ തുക<br>• ടെസ്റ്റ് മാച്ചിന് വിൽക്കുന്ന ടിക്കറ്റ് തുകയുടെ 15% അല്ലെങ്കിൽ മാച്ച് ഒന്നിന് 20.00 ലക്ഷം രൂപ ഇവയിൽ ഏതാണോ കൂടുതൽ ആ നിരക്കിൽ നൽകണം.<br>• ഏകദിനം, അന്താരാഷ്ട്ര ട്വന്റി 20, ടെസ്റ്റ് മാച്ച് എന്നിവയ്ക്കായി കളിസ്ഥലവും മറ്റനുബന്ധ സൗകര്യങ്ങളും ഉപയോഗിക്കുന്നതിന് പ്രതിദിനം 1.00 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | • പ്രാക്ടീസിനായി കേരള ക്രിക്കറ്റ് അസോസിയേഷൻ ഒരുക്കുന്ന പ്രാക്ടീസ് പിച്ചിന് പ്രതിദിനം 500 രൂപ പ്രകാരം<br>• ഏതെങ്കിലും അനുബന്ധ ഗെയിമുകൾക്കോ മേൽ പ്രസ്താവിച്ചവയ്ക്കോ പുറമെ വരുന്ന തുക പരസ്പര ധാരണ പ്രകാരം നിശ്ചയിക്കുന്നതാണ്.<br>• മേൽ പ്രസ്താവിച്ച ചാർജ്ജുകൾ ഓരോ മൂന്ന് വർഷവും 10% നിരക്കിൽ വർദ്ധിപ്പിക്കുന്നതാണ്.<br>• ബാധകമായ എല്ലാ നികുതികളും കേരള ക്രിക്കറ്റ് അസോസിയേഷൻ വഹിക്കേണ്ടതാണ്. |
| സി) | അന്താരാഷ്ട്ര മത്സരങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഈ സ്റ്റേഡിയത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) | അന്താരാഷ്ട്ര മത്സരങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മിക്കവയും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ